പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 755

05/06/2018 - ൽ മറുപടിക്ക്

## ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം വക സ്ഥലത്ത് അംഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൃഷി, വനം, ടൂറിസം വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ചാലക്കുടി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 16.4.2018 ൽ ത്രിതല പഞ്ചായത്ത് ഭാരവാഹികളുടേയും, ജില്ലാതല വകുപ്പ് ഉദ്യോഗസ്ഥരുടേയും, ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം അംഗങ്ങളുടേയും ഒരു യോഗം ചേർന്നു. തൃശ്ശൂർ ആർ.ഡി.ഒ യുടെ നേതൃത്വത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിന് ടി യോഗം തീരുമാനിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | ബി) | പ്രസ്തുത പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. |
| സി) | ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം ഭരണസമിതിയുടെ ഘടന പുന:ക്രമീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായുള്ള ഉത്തരവ് അടിയന്തരമായി ഇറക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | സി) | ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഭരണ സമിതിയിലെ എക്സ് ഒഫീഷ്യോ അംഗങ്ങളുടെ എണ്ണം 9 ആക്കി നിജപ്പെടുത്തിക്കൊണ്ട് സംഘം ഭരണ സമിതിയുടെ ഘടന പുന:ക്രമീകരിച്ച ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ